**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3317** **01-03-2023 - ൽ മറുപടിയ്ക്ക്**

**കുന്ദമംഗലം വില്ലേജിൽ ഭൂനികുതി അടക്കാത്ത സ്ഥലങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കുന്ദമംഗലം വില്ലേജിൽ കഴിഞ്ഞ പത്ത് വർഷമായി ഭൂനികുതി അടക്കാത്ത എത്ര സ്ഥലങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | വില്ലേജുകളിൽ ഭൂനികുതി സ്വീകരിക്കുന്നത് Re-Lis സോഫ്റ്റ്‌വെയർ മുഖേനയാണ്. പ്രസ്തുത സംവിധാനം നിലവിൽ വന്നത് 2015 ഓഗസ്റ്റ് മാസത്തിലാണ്. ആയതിനാൽ കഴിഞ്ഞ 10 വർഷമായി ഭൂനികുതി അടക്കാത്ത സ്ഥലങ്ങളെ കുറിച്ചുള്ള വിവരം Re-Lis ൽ ലഭ്യമല്ല. |
| (ബി) | ഇതിൽ 25 സെന്റിൽ അധികമുള്ള സ്ഥലങ്ങളുടെ റീസർവ്വെ നമ്പരുകളും വിസ്തീർണ്ണവും ലഭ്യമാക്കാമോ; | (ബി) | വില്ലേജുകളിൽ ഭൂനികുതി സ്വീകരിക്കുന്നത് Re-Lis സോഫ്റ്റ്‌വെയർ മുഖേനയാണ്. പ്രസ്തുത സംവിധാനം നിലവിൽ വന്നത് 2015 ഓഗസ്റ്റ് മാസത്തിലാണ്. ആയതിനാൽ കഴിഞ്ഞ 10 വർഷമായി ഭൂനികുതി അടക്കാത്ത സ്ഥലങ്ങളെ കുറിച്ചുള്ള വിവരം Re-Lis ൽ ലഭ്യമല്ല. |
| (സി) | കുന്ദമംഗലം വില്ലേജിൽ വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള സ്ഥലങ്ങൾ ഏതെല്ലാമാണെന്നും ഇതിന്റെ വിസ്തീർണ്ണം എത്രയാണെന്നും വ്യക്തമാക്കാമോ; | (സി) | വില്ലേജ് റിക്കാർഡുകൾ പരിശോധിച്ചതിൽ വിദ്യാഭ്യാസ വകുപ്പിന്റെ പേരിൽ റീ.സ.496/1A5A-യിൽ പ്പെട്ട 20 സെന്റ് ഭൂമി മാത്രമാണുള്ളത്. പ്രസ്തുത ഭൂമിയിൽ അസിസ്റ്റന്റ് എഡ്യൂക്കേഷൻ ഓഫീസറുടെ കാര്യാലയം നിലവിൽ പ്രവർത്തിച്ച് വരുന്നു. |
| (ഡി) | വർഷങ്ങളായി നികുതി അടക്കാത്തതും അവകാശികളില്ലാത്തതുമായ ഭൂമി ഏറ്റെടുക്കാൻ വ്യവസ്ഥയുണ്ടോ; | (ഡി) | നിയമാനുസൃതം അവകാശികളില്ലാതെയും വിൽപ്പത്രം എഴുതി വെയ്ക്കാതെയും മരണപ്പെടുന്ന ആളിന്റെ വസ്തുവഹകൾ അന്യം നിന്ന വസ്തുക്കളായി കണക്കാക്കി സർക്കാരിലേയ്ക്ക് ഏറ്റെടുക്കുന്നതിന് കേരള എസ്ചീറ്റ് ആന്റ് ഫോർഫീച്ചർ ആക്ട് 1964, റൂൾസ് 1965 പ്രകാരം വ്യവസ്ഥയുണ്ട്. |
| (ഇ) | എങ്കിൽ ആയത് നടപ്പാക്കാൻ നിർദ്ദേശം നൽകുമോ? | (ഇ) | കുന്ദമംഗലം വില്ലേജിലെ കുന്ദമംഗലം ദേശത്തെ പടനിലം ഗവ.എൽ.പി.സ്കൂളിന്റെ പഴയ കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലം വില്ലേജ് ബി രജിസ്റ്റർ പ്രകാരം റീ.സ.49/48 നമ്പരായി (തോട്ടം) പകലേടത്ത് പറമ്പിൽ താമസിക്കും തറവട്ടത്ത് മാളിയേക്കൽ ഇത്താക്കുട്ടി ഹാജി എന്ന ഇനാംദാരുടെ പേരിലാണെന്ന് വില്ലേജ് ഓഫീസർ റിപ്പോർട്ടാക്കിയതിനെ തുടർന്ന് ടി ഭൂമി കേരള |

| | | | |
|---|---|---|---|
| | | | എസ്ചീറ്റ് ആന്റ് ഫോർഫീച്ചർ ആക്ട് 1964, റൂൾസ് 1965 പ്രകാരം സർക്കാരിലേയ്ക്ക് ഏറ്റെടുക്കുന്നതിനുള്ള സാധ്യത പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ